# പുലിക്കുന്നേൽ എന്ന തർജ്ജമയനുഭവം

ഡോ. സ്കറിയ സക്കറിയ

ആരാണ് ജോസഫ് പുലിക്കുന്നേൽ; എന്റെ പരിമിതമായ അറിവും അനുഭവവും തിരിച്ചറിവും വകതിരിവും കലർത്തി ഒരു ലഘുവിവരണം എഴുതാം. ഒരു സ്നേഹോപഹാരമായി ഞാൻ ഇതിനെ പരിഗണിക്കുന്നു.

എന്റെ ആദ്യത്തെ പുസ്തകം - രണ്ടു പ്രാചീന ഗദ്യ കൃതികൾ (1976- പുറത്തുവന്നതിനുശേഷം കോട്ടയം ബസേലിയോസ് കോളജിൽ നടന്ന ഒരു സാഹിത്യ സദസ്സിനുശേഷമാണ് കൂടിക്കാഴ്ച. വേദിയിലുണ്ടായിരുന്ന ഡി. സി. കിഴക്കെമുറി എന്റെ പുസ്തകത്തെക്കുറിച്ചു പ്രശംസാപരമായി സംസാരിച്ചിരുന്നു. വിഷയം നസ്രാണി ചരിത്രവും പോർട്ടുഗീസുകാരുടെ കോളണീകരണവും വിദേശമിഷനറിമാരുടെ ലത്തീനീകരണവും മറ്റുമായതുകൊണ്ട് പുലിക്കുന്നേൽ ഏറെ ഉത്സാഹത്തോടെ പുസ്തകം വാങ്ങിക്കൊണ്ടുപോയി. ഡി.സി.യുടെ കയ്യിലുണ്ടായിരുന്ന പകർപ്പ് പുലിക്കുന്നേൽ വഴി പല സദസ്സുകളിലേക്കും വ്യാപിച്ചു. സഭാനവീകരണം, തദ്ദേശീകരണം, നിഷ്കോളണീകരണം തുടങ്ങിയ വിഷയങ്ങളിൽ സജീവ താത്പര്യമുണ്ടായിരുന്ന പുലിക്കുന്നേൽ കൈയിൽക്കിട്ടിയ പുസ്തകം രണ്ടു മൂന്നു ദിവസംകൊണ്ട് വായിച്ചുതീർത്തു. പുലിക്കുന്നേൽ വീട്ടിൽവന്ന് എന്നെ അഭിനന്ദിച്ചു. വീണ്ടും വീണ്ടും സന്ദർശനങ്ങളുണ്ടായി. നീണ്ട ചർച്ചകളായിരുന്നു ഓരോ സന്ദർശനത്തിന്റെയും അവിസ്മരണീയ ഭാഗം. വിമർശനങ്ങൾ ഒഴിവാക്കാതെ എന്റെ ഗ്രന്ഥരചനാ സമ്പ്രദായത്തെ വിലയിരുത്തി. ഭാഷകൊണ്ട് അമ്മാനമാടാതെ ലാളിത്യം പുലർത്തി മൂർച്ചയും തീർച്ചയുമുള്ള വാക്യങ്ങൾ എഴുതുക എന്ന നയം പലമട്ടിൽ അദ്ദേഹം വിശദീകരിച്ചു. അലങ്കാരബഹുലവും വിശേഷണനിർഭരവുമായ ഗദ്യത്തിലേക്കു വഴുതി വീഴാതിരിക്കാൻ പുലിക്കുന്നേലിന്റെ നിർദ്ദേശങ്ങൾ ഉപകരിച്ചു. എഴുത്തിലും വായനയിലും വിശേഷിച്ചു വിമർശനാത്മക ചിന്തയിൽ നല്ല ശിക്ഷണമായിരുന്നു ഇത്. ചരിത്രവും മലയാളഭാഷയും സാഹിത്യവും ബൈബിളും ക്രൈസ്തവസഭാചരിത്രവും ക്രൈസ്തവ ചിന്തയും കുറെയൊക്കെ പഠിച്ചു എന്നു കരുതിയിരുന്ന എനിക്ക് പുലിക്കുന്നേൽ സമ്പർക്കം പലതരം വെല്ലുവിളികൾ ഉയർത്തി. ജനനം, വളർച്ച, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവയിലേക്ക് മധ്യവർഗ്ഗ നസ്രാണിക്കുള്ള കേമത്തബോധം എന്റെ

തലയ്ക്കുപിടിച്ചിരുന്നു. നിരന്തര സംവാദങ്ങളിലൂടെ ഞങ്ങളുടെ സ്നേഹ സംഗമങ്ങൾ നല്ല പഠനവേദികളായി.

ഇതിനിടയിൽ മലയാളം ബൈബിൾ എന്ന സ്വപ്നപദ്ധതി വന്നണഞ്ഞു. അക്കാര്യത്തിൽ എനിക്ക് പരിചയമുണ്ടായിരുന്നില്ല. എങ്കിലും ബൈബിളിലെ ഏതാനും അധ്യായങ്ങൾ തർജമ ചെയ്യാൻ എന്നോടു ആവശ്യപ്പെട്ടു. വിവിധ തർജമക്കാരിൽനിന്നു ലഭിച്ച തർജമകൾ പരിശോധിക്കുക എന്ന രണ്ടാം ഘട്ടത്തിൽ ഭാഷാപരിശോധനയ്ക്കു വലിയ പ്രാധാന്യം കല്പിച്ചിരുന്നു. മഹാനായ എൻ. വി. കൃഷ്ണവാര്യരായിരുന്നു മുഖ്യ ഭാഷാപരിശോധകൻ. അദ്ദേഹത്തെ സഹായിക്കാൻ തേവരകോളജിൽനിന്നു വിരമിച്ച ചാക്കോസാർ. മാങ്ങാനം ആശ്രമത്തിലായിരുന്നു പരിശോധന. ഒരു മാസംകൊണ്ട് ഭാഷാപരിശോധന പൂർത്തിയാക്കി കൈയെഴുത്തുകൾ മൂലഭാഷ നല്ല നിശ്ചയമുള്ള ബൈബിൾ പണ്ഡിതർക്കു കൈമാറാം എന്നതായിരുന്നു കണക്കുകൂട്ടൽ. ഒരു മാസംകൊണ്ട് ഭാഷാപരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞത് ഉൽപത്തി പുസ്തകത്തിലെ നാല് അധ്യായങ്ങൾ മാത്രം! കൈയെഴുത്തുകൾ പ്രസാധനയോഗ്യമാക്കാൻ വർഷങ്ങൾതന്നെ വേണ്ടിവരും എന്നു വ്യക്തമായി. പുലിക്കുന്നേൽ പിൻവാങ്ങിയില്ല. പത്രാധിപസമിതിയെയും മറ്റു സഹായികളെയും കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി പദ്ധതി വിപുലീകരിച്ചു.

ബൈബിൾ തർജമ പരിശോധന തിരുവനന്തപുരത്തുള്ള ഒരു മഹാപണ്ഡിതനെ ഏല്പിക്കാൻ ഉന്നതതല ശ്രമം നടന്നു. അദ്ദേഹത്തെ കാണാൻ പോകുമ്പോൾ എന്നെയും ക്ഷണിച്ചു. ഞങ്ങളുടെ കൂടിക്കാഴ്ച ഒരു വഴിത്തിരിവായി. പണ്ഡിതൻ ആവശ്യപ്പെട്ട ഓഫീസ് സൗകര്യങ്ങളും പ്രതിഫലവും കേട്ടപ്പോൾ ഞങ്ങൾ അമ്പരന്നു. മടങ്ങിവരുമ്പോൾ പുലിക്കുന്നേൽ ചിന്താമഗ്നനായിരുന്നു, തിരുവനന്തപുരം മുതൽ കൊട്ടാരക്കരവരെ. പിന്നെ ഉണർവായി. പണ്ഡിതൻ ആവശ്യപ്പെട്ട കാര്യങ്ങളെല്ലാം കുറഞ്ഞ ചിലവിൽ കോട്ടയത്തോ പാലായിലോ ഏർപ്പാടാക്കാം. എൻ. വി. യും 'നമ്മളും' മതി പരിശോധനയ്ക്ക്. പ്രഖ്യാപനത്തിലെ 'നമ്മൾ' എന്നെ കുറെ അസ്വസ്ഥനാക്കി. എൻ. വി. യുടെ സഹപരിശോധകനായി ഉണ്ടായിരുന്ന ചാക്കോസാർ അനാരോഗ്യം നിമിത്തം പദ്ധതിയിൽനിന്നും പിൻവാങ്ങിയിരുന്നു, ആ ലാവണത്തിൽ പ്രവേശിച്ചു ബൈബിൾ തർജമയിൽ കുടുങ്ങാൻ എനിക്കു മനസ്സുവന്നില്ല. പോരെങ്കിൽ പുലിക്കുന്നേലുമായുള്ള എന്റെ ചങ്ങാത്തം അപകടകരമാണെന്നു കരുതുന്ന അഭ്യുദയകാംക്ഷികൾ സ്വക്ഷേത്രത്തിൽ വേണ്ടുവോളം ഉണ്ടായിരുന്നു. ബൈബിൾ തർജമയിൽ പങ്കെടുക്കുക, അതും എൻ. വി. കൃഷ്ണവാര്യരോടൊപ്പം എന്നതു നല്ല അവസരമാണെന്നത് ചൂണ്ടിക്കാട്ടിയതു പ്രൊഫസർ കെ. വി രാമചന്ദ്രപൈയാണ്. ഡോ. ജോർജ് ജേക്കബ് (മുൻ യു.ജി.സി.ചെയർമാൻ) ഡോ. എം. വി. പൈലി, ഡി. സി. കിഴക്കെമുറി തുടങ്ങിയവർകൂടി പ്രേരിപ്പിച്ചപ്പോൾ ഞാൻ മലയാളം ബൈബിൾ വിവർത്തനസംഘത്തിൽ സജീവമായി.

കോളജിൽനിന്ന് കുറെ ദിവസം അവധിയെടുത്തു. പിന്നെയും എത്രയോ രാപകൽ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ പാലായിൽ ഒന്നിച്ചിരുന്നു ബൈബിൾ വായിച്ചു – ചർച്ചചെയ്തു. വിവിധ മലയാളം ഇംഗ്ലീഷ് തർജ മകൾ വിമർശനാത്മകമായി താരതമ്യം ചെയ്തു. എൻ. വിയുടെ ഉമിത്തീ പോലെ എരിയുന്ന ബുദ്ധിയും പുലിക്കുന്നേലിന്റെ ആളിപ്പടരുന്ന ആവേ ശവും മലയാളം ബൈബിളിന്റെ രൂപീകരണത്തിന് മുഖ്യശക്തികളായി. ബൈബിൾ ചർച്ചകളിൽ മൂവരും വല്യപങ്കാളികളായി. അതിന്റെ ഗുണ ദോഷങ്ങൾ മലയാളം ബൈബിളിനുണ്ട്. വിവർത്തനം എനിക്ക് സവി ശേഷ പഠനാനുഭവംതന്നെയായിരുന്നു. അറിയാനും അറിയിക്കാനും അവസരം നൽകുന്ന തരത്തിലായിരുന്നു വിവർത്തന പരിശോധന. ചില ഘട്ടങ്ങളിൽ തർക്കം എന്നതിനെക്കാൾ വാഗ്വാദമായി വളരുകയും ചെയ്തി രുന്നു. തർക്കം വാഗ്വാദമാകുമ്പോൾ എൻ. വി. മൗനം പാലിക്കും. മുഖത്ത് ജാള്യം കലർന്ന ഒരു ചിരി. അത് ഞങ്ങളെ വിനീതരാക്കും. ചിലപ്പോൾ തർക്കം തുടർന്നാൽ ഒരിടവേള പ്രഖ്യാപിച്ച് തിരിച്ചുവരും. അവിസ്മര ണീയ സംവാദാനുഭവമായി ബൈബിൾ വിവർത്തനം. ഒപ്പം സംവേദനത ന്ത്രങ്ങളെക്കുറിച്ചുള്ള കൃത്യമായ തിരിച്ചറിവും വിജ്ഞാനാനുഭവവും. തർജമ സംരംഭം പുലിക്കുന്നേലിലെ പണ്ഡിതനെയും ഭാഷാമർമ്മജ്ഞ നെയും ഒപ്പം താർക്കികനെയും കാട്ടിത്തന്നു. കത്തോലിക്കർക്കും പ്രൊട്ട സ്റ്റന്റുകാർക്കും വ്യത്യസ്ത പാരമ്പര്യങ്ങളുണ്ടെന്നും അവ എങ്ങനെ തർജമയിൽ പ്രകാശിതമാകുന്നുവെന്നും ചൂണ്ടിക്കാണിച്ചു തരാൻ പുലി ക്കുന്നേലിനു കഴിഞ്ഞു. വിപുലമായ വായനയും ബുദ്ധിശക്തിയും ഭാഷാ പരിചയവും സാമൂഹികശാസ്ത്രവും പരിശീലനവുംകൊണ്ടുണ്ടായ തിരി ച്ചറിവുകൾ ബൈബിൾ തർജമയ്ക്ക് ആഴങ്ങൾ നൽകി. തർജമ കേവലം മൊഴിമാറ്റമല്ലെന്നും പുനർജന്മമാണെന്നും പാഠപുസ്തകങ്ങളിൽ വായി ച്ചറിഞ്ഞിരുന്നെങ്കിലും അതിനുള്ള മാതൃകകൾ മൊഴിമാറ്റത്തിൽ പഠിക്കാൻ അവസരം ലഭിച്ചത് ഇങ്ങനെയൊരു സന്ദർഭത്തിലാണ്. തർജമയെക്കുറി ച്ചുള്ള സംവാദങ്ങളിൽ തെളിഞ്ഞുകണ്ട താർക്കികനായ പുലിക്കുന്നേലിനെ കൂടുതൽ അടുത്തറിയാൻ പിന്നെയും അവസരങ്ങളുണ്ടായി. പുലിക്കു ന്നേലിന്റെ മൂർച്ചയേറിയ വാദങ്ങൾ വേണ്ടതിലധികമായിപ്പോകുന്നു എന്നു പലപ്പോഴും തുറന്നുപറയാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. എഴുതുന്ന തെന്തും ഉദ്ദിഷ്ടവ്യക്തികളിൽ ചലനമുണ്ടാക്കണമെന്നും അതിന് തന്റെ പക്കലുള്ള ഏക ആയുധം ഭാഷയാണെന്നും അതിൽ വിട്ടുവീഴ്ച ചെയ്താൽ തന്റെ ഉദ്യമം നിഷ്ഫലമാകുമെന്നും അദ്ദേഹം തിരിച്ച് പറയുമായിരുന്നു.

കത്തോലിക്കാസഭയിലെ ശ്രേണീകൃതമായ അധികാരസംവിധാന ത്തിൽ ദുഷ്ടബുദ്ധികൾ കടന്നുകൂടിയാൽ അവർക്ക് എന്തും ചെയ്യാൻ കഴിയും എന്ന ഉത്തമവിശ്വാസം ജീവിതാനുഭവമായി കൊണ്ടുനടന്ന ആളാണ് പുലിക്കുന്നേൽ. സഭയിൽനിന്ന് ഇത്തരം ബലപ്രയോഗങ്ങ ളൊന്നും അനുഭവിച്ചിട്ടില്ലാത്ത എന്നെ നിരായുധനാക്കാൻ ഈ പ്രതിവാദം

എത്രയോ തവണ അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. ഇന്നത്തെ നിലയിൽ പുലിക്കുന്നേൽ പറഞ്ഞതിന്റെ സാരാംശം തള്ളിക്കളയാൻ എനിക്കു കഴിയുന്നില്ല. സഭാശ്രേണിയിൽ നന്മചെയ്യുന്ന ധാരാളം സ്ത്രീപുരുഷന്മാരുണ്ട്. പക്ഷേ, ദുഷ്ടബുദ്ധികളുടെ അതിക്രമങ്ങൾക്കു മുമ്പിൽ അവർ നിശ്ശബ്ദരാകും. കണ്ണടയ്ക്കുന്നു എന്ന് ഞാൻ പറയുന്നില്ല. സഭാധികാരത്തിന്റെ കണ്ണിൽ അതിക്രമങ്ങൾ തെളിഞ്ഞുകിട്ടാൻ ഏറെ കാലതാമസം ഉണ്ടാവും. അങ്ങനെ പീഡിപ്പിക്കപ്പെടുന്ന അനേകരുടെ കണ്ണീർ സഭയിൽ വീഴുന്നുണ്ട്. സഭാസമൂഹത്തിൽ അവർക്കൊക്കെ സ്വരം നൽകാൻ പുലിക്കുന്നേൽ ശ്രദ്ധിച്ചു. ഘടനാപരമായ തിന്മകളായിരുന്നു നിശിതമായി വിമർശിക്കപ്പെട്ടത്. ഇക്കാര്യം പലരും ശ്രദ്ധിച്ചിട്ടില്ലെന്ന് തോന്നുന്നു.

അധികാര ദുർവിനിയോഗം, സാമ്പത്തിക ധൂർത്ത് തുടങ്ങിയവയാണ് പുലിക്കുന്നേൽ നിശിതമായി വിമർശിച്ചത്. മറ്റ് പല വിമർശകരും പുരോഹിതരുടെ ലൈംഗികജീവിതത്തെയാണ് വിമർശനവിധേയമാക്കിയത്. അത്തരം വാർത്തകളുമായി ഓശാന ഓഫീസിൽ കയറിയിറങ്ങിയവരോട് സത്യാത്മകമായി പുലിക്കുന്നേൽ പ്രതികരിച്ചു. കേരള കത്തോലിക്ക സമൂഹത്തിലെ ഏറ്റവും വലിയ വെല്ലുവിളി അധികാര ദുർവിനിയോഗവും ധൂർത്തുമാണെന്ന് പുലിക്കുന്നേൽ വിശ്വസിച്ചു.

കേരളത്തിലിന്ന് സോഷ്യൽ മീഡിയയും മുഖ്യധാരാമാധ്യമശൃംഖലയും അച്ചടിമാധ്യമങ്ങളും സഭാവിമർശന വേദികളിൽ തിക്കിത്തിരക്കി നിൽക്കുകയാണ്. ഇവരുടെ നടുവിൽ പുലിക്കുന്നേലിനെ സങ്കല്പിക്കാൻ നിസ്സാരമല്ലാത്ത ബുദ്ധിമുട്ടുണ്ട്. സഭയെയും സമുദായത്തെയും പിടിച്ചു കുലുക്കിയ വിവാദങ്ങളിൽ ഇടനിലക്കാരനെപ്പോലെ ഒഴിഞ്ഞു നിൽക്കാൻ പുലിക്കുന്നേലിന് കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രചോദനങ്ങൾ വെറും ധർമ്മരോഷമായിരുന്നില്ല. അറിവും അനുഭൂതിയും കലർന്നതാണ് പുലിക്കുന്നേലിന്റെ ഭാഷാതന്ത്രം. ഇത്രത്തോളം സഭാചരിത്രജ്ഞാനമുള്ള മറ്റൊരു അല്മായനെ കേരളത്തിൽ ഞാൻ പരിചയപ്പെട്ടിട്ടില്ല. കത്തോലിക്കാ സ്രോതസ്സുകളും പ്രൊട്ടസ്റ്റന്റുസ്രോതസ്സുകളും താരതമ്യം ചെയത് സഭാചരിത്രസംഭവങ്ങളെയും ബൈബിൾവ്യാഖ്യാനപാരമ്പര്യങ്ങളെയും പരിചയപ്പെടുത്താൻ അസാധാരണ വൈഭവമുണ്ടായിരുന്നു അദ്ദേഹത്തിന്. കുറെക്കൂടി കൃത്യമായി പറഞ്ഞാൽ വ്യത്യസ്ത കാഴ്ചപ്പാടുകളിലെ സമൃദ്ധിയും വൈവിധ്യവും വൈജ്ഞാനികാനുഭവമായി. പുലിക്കുന്നേൽ പ്രസരിപ്പിച്ചിരുന്ന ബൈബിൾ തർജമയുടെ ഭാഗമായി പല വേദവാക്യങ്ങളും ഇങ്ങനെ വ്യാഖ്യാനിച്ചു കേട്ടപ്പോഴാണ് അതിന്റെ ഉൾക്കരുത്ത് ഞാൻ തിരിച്ചറിഞ്ഞത്. ഇവയെല്ലാം എന്നെങ്കിലും പുസ്തകരൂപത്തിലോ ലേഖനരൂപത്തിലോ പുറത്തുവരുമെന്ന് കരുതിയിരുന്നു; അതുണ്ടായില്ല.

വാർദ്ധക്യവും സായാഹ്നകാലത്ത് നേരിട്ട ബുദ്ധിമുട്ടുകളും അദ്ദേഹത്തെ ബാധിച്ചു എന്നുവേണം കരുതാൻ. ഓശാനമൗണ്ടിലെ ഇൻസ്റ്റിറ്റ്യൂട്ടിന് ലക്ഷ്യമിടാവുന്ന ഒരു ബൃഹത്പദ്ധതിയാണിത്. നല്ലൊരു ലൈബ്രറിയും

രേഖാശേഖരവും താമസസൗകര്യങ്ങളും സജീവകാലത്തുതന്നെ ഓശാനമൗണ്ടിൽ തയാറാക്കിയിട്ടുണ്ട്. അത് ക്രൈസ്തവമതവിജ്ഞാനത്തിനുള്ള അനൗപചാരിക പഠനവേദിയായി മാറണം. അവിടെയുണ്ടാകുന്ന സംവാദാത്മക പഠനശൈലിക്ക് പുലിക്കുന്നേൽ പാരമ്പര്യം എന്നു നമുക്കു പേരിടാം. അതായത് കേരളത്തിന്റെ മതവൈജ്ഞാനിക പാരമ്പര്യത്തിൽ ഒരു സവിശേഷ അടരായി പരിഗണിക്കപ്പെടാൻ തക്ക സൈദ്ധാന്തികവും രീതിശാസ്ത്രപരവുമായ തനിമകൾ ഉള്ളതാണ് പുലിക്കുന്നേലിന്റെ ബൈബിൾ പഠനരീതി. അത് സംവേദനപ്രധാനമാണ്. ഒപ്പം വിജ്ഞാനലോകത്തിലെ നാനാതരം അറിവുകൾക്ക് കടന്നുവരാനും പ്രതിപ്രവർത്തിക്കാനും അവസരം നൽകുന്നതാണ്. തമ്മിൽത്തമ്മിൽ (Interaction) എന്ന മട്ടിൽ ബൈബിളും വിവിധ വിജ്ഞാനശാഖകളും കേരളീയ പരിസരത്ത് സംഭാഷണത്തിലേർപ്പെടുമ്പോൾ പുലിക്കുന്നേലിന്റെ കൈയൊപ്പുള്ള ഓശാനമൗണ്ട് ഒരു മാതൃകാസ്ഥാപനമായി വളരും. അതിനുള്ള ഇടവും സ്ഥലവും ഓശാനമൗണ്ടിലുണ്ട്.

പുലിക്കുന്നേലിന്റെ തർജമാഭിമുഖ്യം പ്രകടമാക്കുന്ന ധാരാളം സന്ദർഭങ്ങൾ ഓർമ്മയിൽ തെളിഞ്ഞുവരുന്നു. മർമ്മങ്ങൾ നഷ്ടപ്പെടുത്താതെ നർമ്മങ്ങൾ കലർത്തി മഹാപ്രസ്താവങ്ങൾ പരിവർത്തിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മറ്റുള്ളവരോട് പറയുന്നതിൽ അസാധാരണമായ സന്തോഷം കണ്ടെത്തിയിരുന്നു. പറയാനും വേണ്ടിയുള്ള പറച്ചിലായിരുന്നില്ല, മറ്റുള്ളവരെ പരിവർത്തിപ്പിക്കാനുള്ള തീവ്രശ്രമമായി അത് അനുഭവപ്പെടും. എന്റെ സവിശേഷാനുഭവത്തിൽ കേൾവിക്കാരനായി പുലിക്കുന്നേലും തെളിഞ്ഞുനിൽക്കുന്നുണ്ട്. സർവകലാശാലാ വിദ്യാർത്ഥികൾക്കുവേണ്ടി താരതമ്യപഠനസംഘത്തിന്റെ (താപസം) ആഭിമുഖ്യത്തിൽ ഓശാനമൗണ്ടിൽ നടന്ന ഗവേഷണസെമിനാറുകളിലെല്ലാം പ്രമുഖ പണ്ഡിതരോടൊപ്പം പുലിക്കുന്നേലും പങ്കെടുത്തു. സംഘത്തിന്റെ സദസ്സുകളെ ആഹ്ലാദകരമാക്കുന്നതിൽ അദ്ദേഹത്തിന്റെ ഇടപെടൽ പലിയ പങ്കുവഹിച്ചു. 'പുലിമടയിലെ' താപസസംഗമങ്ങൾ ഇന്നും പങ്കാളികൾ അയവിറക്കാറുണ്ട്. പുലിക്കുന്നേലിന്റെ ഭാഷ പ്രകടിപ്പിച്ച തർജമശൈലി യുവജനഹൃദയങ്ങളെ നന്നായി സ്വാധീനിച്ചു. ചുരുക്കത്തിൽ മതവിജ്ഞാനത്തെ ആഴമേറിയ സൗന്ദര്യാനുഭവമായും സാംസ്കാരിക പ്രവർത്തനമായും വികസിപ്പിക്കാൻ ഉതകുന്നതാകുന്നു പുലിക്കുന്നേലിന്റെ ശൈലി.

തർജമ ബുദ്ധി (translated intelligence) വൈജ്ഞാനിക യുഗത്തിൽ വിലപ്പെട്ട സിദ്ധിയാണ്. നരവംശശാസ്ത്രത്തിൽനിന്നു ചരിത്രത്തിലേക്കും ചരിത്രത്തിൽനിന്നു ജനിതക വിജ്ഞാനത്തിലേക്കും സംസ്കാരപഠനത്തിൽനിന്നു ദൈവശാസ്ത്രത്തിലേക്കും പുതുവഴി കണ്ടെത്താൻ തർജമ ബുദ്ധി ഉപകരിക്കും. ബഹുമുഖത്വമുള്ള കത്തോലിക്കാസഭയെ വിമർശനബുദ്ധിയുടെ കോടതിമുറിയിൽ നിറുത്തി വിചാരണചെയ്യുന്ന ഉജ്ജ്വല മുഹൂർത്തങ്ങളിലെല്ലാം തർജമ വൈഭവം പുലിക്കുന്നേൽ പ്രകടമാക്കി.

ഇക്കാര്യത്തിൽ നവീകരണ പ്രസ്ഥാനത്തിന്റെ തലവനായ മാർട്ടിൻ ലൂഥറെ ഓർമിപ്പിക്കുന്നതായിരുന്നു പുലിക്കുന്നേലിന്റെ രചനകളും സംഭാഷണങ്ങളും. തർജമാഭിമുഖ്യംകൊണ്ട് പുലിക്കുന്നേലിന്റെ പൂർവഗാമിയായി മറ്റൊരു മീനച്ചിൽക്കാരനെ പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല. വർത്തമാനപ്പുസ്തക കർത്താവായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ. ഭാഷാസിദ്ധിയും വൈജ്ഞാനികവും സമരോത്സുകതയും പരിഗണിച്ചാൽ ഇവർ തമ്മിലുള്ള പൊരുത്തം അവഗണിക്കാനാവില്ല.

*(ലേഖകൻ മലയാള ഭാഷാപണ്ഡിതനും ശ്രീശങ്കര സർവകലാശാല മലയാളം വിഭാഗം മുൻതലവനും മലയാളം ബൈബിൾ തർജമയിൽ പ്രധാന പങ്കുവഹിച്ചവരിൽ ഒരാളുമാണ്.)*